**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5036** **11-08-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻ വരുമാനക്കാർക്ക് മുൻഗണന കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർവ്വീസ് ഇ.പി.എഫ്. മുതലായ പെൻഷൻ വരുമാനക്കാരെ അവരുടെ വരുമാന പരിധിക്കനുസരിച്ച് തരം തിരിച്ച് മുൻഗണന വിഭാഗങ്ങളിലുൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ, ഏറ്റവും അർഹരായവരെ കണ്ടെത്തി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള മാനദണ്ഡപ്രകാരം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5000/- രൂപയിൽത്താഴെ പെൻഷൻ വാങ്ങുന്നവർ, 10000/- രൂപയിൽത്താഴെ സ്വാതന്ത്ര്യ സമരപ്പെൻഷൻ വാങ്ങുന്നവർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

സംഗ്രഹം

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ) നം.320/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 18.09.2017

---

പരാമർശം: - 1) 14.01.11 ലെ സ.ഉ(കൈ) നം.16/11/ത.സ്വ.ഭ.വ

2) 27.04.12 ലെ സ.ഉ(കൈ) നം.112/12/ത.സ്വ.ഭ.വ

3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 31.08.2017 ലെ (സി.എസ്) എ6-19331/17 നം. കത്ത്.

## ഉത്തരവ്

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കിയ പട്ടികയിൽ ധാരാളം അനർഹർ കടന്നു കൂടുകയും അർഹർ ഒഴിവായിപോകുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിനാലും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3(13) പ്രകാരം അന്തിമ മുൻഗണനാ പട്ടിക തുടർച്ചയായി പുനരവലോകനം നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും നിലവിലെ മാനദണ്ഡങ്ങളിൽ ശ്രദ്ധയിൽ പ്പെട്ടത്തപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2)

a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ

c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ.

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ;

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

3)

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം - സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ).

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (a)യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ;

എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതുകൂടാതെ പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും എസ്.ടി, എസ്.സി തുടങ്ങിയ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള്ള പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽകി ഉൾപ്പെടുത്തേണ്ടതാണ്.

5) തൊഴിൽരഹിതർ എന്ന നിലയിൽ മാർക്ക് നൽകുന്നത് കുടുംബനാഥൻ/നാഥ/വീട്ടിലെ മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗം എന്നിവർക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഉതകുന്ന രീതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനും, അങ്ങനെ വരുന്ന മാറ്റങ്ങൾ സർക്കാർ അനുമതിയോടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി ഐ.എ.എസ്.
സ്പെഷ്യൽ സെക്രട്ടറി

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ വകുപ്പ്
4. സാമൂഹ്യ നീതി വകുപ്പ്
5. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി
8. ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ